കടൽഭിത്തി നിർമ്മാണം

60 [1038] ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം കടലാക്രമണം വർദ്ധിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് എത്ര കി.മീ. ദൂരത്തിൽ കടൽഭിത്തി നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇനി എത്ര ദൂരം പൂർത്തിയാക്കാനുണ്ട്;

(ഡി) കടൽഭിത്തിയില്ലാത്ത സ്ഥലങ്ങളിൽ ഭിത്തി നിർമ്മിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 386 കി. മീ.

(സി) സംസ്ഥാനത്ത് 560 കി. മീ. നീളത്തിൽ കടൽതീരം ഉള്ളതിൽ കടലാക്രമണം രൂക്ഷമായ 478 കി.മീ. നീളത്തിൽ മാത്രമേ കടൽഭിത്തി നിർമ്മിക്കേണ്ടതുള്ളൂ. ഇനി 92 കി.മീ. ദൂരത്തിൽ കടൽഭിത്തി നിർമ്മാണം പൂർത്തിയാക്കാനുണ്ട്.

(ഡി) 2003-04 സാമ്പത്തിക വർഷത്തിൽ 11-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ കപ്പക്കൽ എന്ന സ്ഥലത്ത് 58 മീറ്റർ നീളത്തിൽ പുതിയ കടൽഭിത്തി നിർമ്മിക്കാൻ 76 ലക്ഷം രൂപക്ക് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. കൊല്ലം ജില്ലയിൽ ആറാട്ടുപുഴ പഞ്ചായത്തിൽ 500 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കാൻ 89.5 ലക്ഷം രൂപക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

2004-05-ൽ ചേർത്തല നിയോജകമണ്ഡലത്തിൽ 500 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കാൻ 90 ലക്ഷം രൂപക്ക് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. ഒറ്റമശ്ശേരിയിൽ 225 മീറ്റർ നീളത്തിൽ ഭിത്തി കെട്ടാൻ 42 ലക്ഷം രൂപയ്ക്കും എറണാകുളം ജില്ലയിൽ ചെല്ലാനം ദ്വീപിൽ പുത്തൻതോടിൽ ഗ്രോയിൻസ് നിർമ്മിക്കുന്നതിന് 24 ലക്ഷം രൂപയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ തൃശ്ശൂർ ജില്ലയിലെ അഴീക്കോടിനും ഏറിയാടിനും ഇടക്ക് 1120 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് 202.30 ലക്ഷം രൂപയുടെ കേന്ദ്ര സഹായപദ്ധതിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇതിന് കേന്ദ്രത്തിന്റെ അനുമതി ലഭിച്ചത് 2004 മാർച്ചിൽ ആയതിനാൽ സാങ്കേതികാനുമതി നൽകി പ്രവൃത്തി തുടങ്ങാൻ നടപടി സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്ത് കടലാക്രമണം രൂക്ഷമായ സ്ഥലങ്ങളിൽ വിവിധ ജില്ലകളിലായി 52.06 കി.മീ. നീളത്തിൽ കടൽഭിത്തി നിർമ്മിക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ നാഷണൽ കോസ്റ്റൽ പ്രൊട്ടക്ഷൻ പ്രോജക്റ്റിൽ ഉൾപ്പെടുത്തി കേന്ദ്ര ധനസഹായത്തിനായി ഒരു പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇതിന് ഇതുവരെ കേന്ദ്രാനുമതി ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly